**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 103** **22-07-2021 - ൽ മറുപടിയ്ക്ക്**

**തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 2016-17ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി തത്വത്തിൽ ഭരണാനുമതി നൽകിയ തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള തോട്ടശ്ശേരിയറ –ഇല്ലത്തുമാട് റോഡിന്റെ ഡി.പി.ആർ, പദ്ധതിയുടെ എസ്.പി.വി യായ കേരള റോഡ് ഫണ്ട്ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ടും സ്ഥല സന്ദർശന റിപ്പോർട്ടും എസ്.പി.വി.ക്ക് നൽകിയിരിക്കുകയാണ്. |
| (ബി) | ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡിന്റെ നിലവിലെ വീതി 8 മീറ്റർ മാത്രമാണ്. ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലം ആയതിനാൽ സ്ഥലം ഏറ്റെടുക്കൽ ബുദ്ധിമുട്ടാണെന്നതാണ് കിഫ്ബിയ്ക്ക് ലഭിച്ചിരിക്കുന്ന വിവരം. കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വീതിയിൽ പ്രവൃത്തി നടപ്പിലാക്കുവാൻ ബുദ്ധിമുട്ടായതിനാലാണ് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുവാനും നടപ്പിലാക്കുവാനും കാലതാമസം നേരിടുന്നത്. |
| (സി) | അടിയന്തരമായി പ്രസ്തുത റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ടതനുസരിച്ച് കിഫ്ബി മാനദണ്ഡ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതാണ്. അതിന് ശേഷം പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് സമയ ബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടത് പദ്ധതിയുടെ എസ്.പി.വി യായ കേരള റോഡ് ഫണ്ട് ബോർഡാണ്. |
| (ഡി) | ഇതു സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ കിഫ്ബി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് | (ഡി) | പ്രസ്തുത നിവേദനം കിഫ്ബിയിൽ പരിശോധിച്ച് കത്ത്നമ്പർ.PWD004-140-MISC-01 തീയതി: |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | 04.07.2021 പ്രകാരം മറുപടി നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# KERALA INFRASTRUCTURE INVESTMENT FUND BOARD

*(A Statutory Body under Finance Department, Government of Kerala)*

Project Appraisal Division

website: www.kiifb.org

*Defining the Future*


നമ്പർ. PWD004-140-MISC-01 തീയതി: 04.07.2021

പ്രേഷകൻ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

സ്വീകർത്താവ്

ശ്രീ. അബ്ദുൽ ഹമീദ് പി

എം.എൽ.എ, വള്ളിക്കുന്ന്

സർ,

വിഷയം:- കിഫ്ബി - തോട്ടശേരിയറ - ഇല്ലത്തുമാട് റോഡ് - 10 മീറ്റർ വീതിയിൽ - ഇളവ് നൽകുന്നത് - സംബ

സൂചന:- അങ്ങ് ബഹു. ധനകാര്യ മന്ത്രിക്ക് 25/05/2021 ൽ അയച്ച കത്ത് നം. MLAVLKN/19/21

സൂചനയിലേക്ക് സദയം ശ്രദ്ധ ക്ഷണിക്കുന്നു.

കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരണം നടപ്പിലാക്കുന്ന റോഡുകൾക്ക് കുറഞ്ഞത് 10 മീറ്റർ വീതി ഉണ്ടായിരിക്കണമെന്നതാണ് മാനദണ്ഡം . 3 .5 മീറ്റർ വീതം കാരിയേജ് വേയും , 1 .5 മീറ്റർ വീതം ഷോൾഡറും ഉൾപ്പെടുന്ന ഇത്തരം രൂപകൽപന ; പ്രസ്തുത പദ്ധതി പ്രദേശത്ത് സ്ഥലം ലഭ്യമല്ലാത്തതിനാൽ നടപ്പിലാക്കാൻ ബുദ്ധിമുട്ടാണ് . അതിനാൽ, ഓവർ ലേ നടത്തുക എന്ന പോംവഴി മാത്രമേ നിലനിൽക്കുന്നുള്ളൂ . അതിനാൽ അങ്ങയുടെ അഭ്യർത്ഥന തൽക്കാലം സ്വീകരിക്കുവാൻ നിർവ്വാഹമില്ല എന്ന് സാദരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

Shyla P A

ജനറൽ മാനേജർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കു വേണ്ടി

അംഗീകാരത്തോടെ

04/07/21

അസിസ്റ്റന്റ് പ്രൊജക്റ്റ് മാനേജർ

സെക്ഷൻ ഓഫീസർ


3rd Floor, Felicity Square, M.G.Road, Statue Thiruvananthapuram – 695001

Phone: 0471-2780900 e-mail: appraisaldivision@kiifb.org